പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3364

21.12.2012 ൽ മറുപടിയ്ക്ക് നൽകേണ്ടിയിരുന്നത്

## കർഷക രജിസ്ട്രേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷക രജിസ്ട്രേഷനിൽ എത്ര കർഷകർ രജിസ്റ്റർ ചെയ്തു; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ; പദ്ധതിയിൽ ഇനിയും കർഷകർ രജിസ്റ്റർ ചെയ്യുവാൻ അവശേഷിക്കുന്നുണ്ടോ; അവർക്ക് ഇനിയും രജിസ്ട്രേഷന് സാവകാശം അനുവദിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) കർഷക രജിസ്ട്രേഷനിൽ ആകെ 14,69,041 കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഈ പദ്ധതിയിൽ ഇനിയും കർഷകർ രജിസ്റ്റർ ചെയ്യുവാൻ അവശേഷിക്കുന്നുണ്ട്. ഇവർക്ക് രജിസ്ട്രേഷന് അനുവാദം നൽകുന്ന കാര്യം തീരുമാനിച്ചിട്ടില്ല. |
| (ബി) രജിസ്ട്രേഷന്റെ ഭാഗമായി കർഷകരിൽ നിന്നും എന്തെല്ലാം വിവരങ്ങൾ ആണ് ശേഖരിച്ചത് എന്ന് വ്യക്തമാക്കുമോ; | (ബി) രജിസ്ട്രേഷന്റെ ഭാഗമായി കർഷകരിൽ നിന്നും കൃഷിക്കാരന്റെ പേരും മേൽവിലാസവും ഫോൺ നമ്പർ, ഇ-മെയിൽ ഐ.ഡി. (ലഭ്യമാണെങ്കിൽ), വിഭാഗം (ജനറൽ/ഒ.ബി.സി./എസ്.സി./എസ്.റ്റി), കൃഷി ചെയ്യുന്ന വിളകളും വിസ്തീർണ്ണവും, റേഷൻകാർഡ് നമ്പർ, തിരിച്ചറിയൽ കാർഡ് നമ്പർ, പാൻ നമ്പർ, അക്കൗണ്ടുള്ള ബാങ്കിന്റെ പേര്, ബ്രാഞ്ച്, ടെലിഫോൺ നമ്പർ, ഐ.എഫ്.എസ്.സി. കോഡ്, അക്കൗണ്ട് നമ്പർ ബാങ്ക് വായ്പകളുടെ വിവരങ്ങൾ (വിദ്യാഭ്യാസ വായ്പ, കാർ വായ്പ, കെട്ടിട വായ്പ, കാർഷിക വായ്പ മറ്റുള്ളവ) തുടങ്ങിയ വിവരങ്ങളാണ് ശേഖരിച്ചിട്ടുള്ളത്. |
| (സി) കർഷകർക്കുള്ള സബ്സിഡി കർഷകർക്കുതന്നെ ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ? | (സി) കർഷകർക്കുള്ള സബ്സിഡി കർഷകർക്ക് തന്നെ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള പ്രധാന നടപടിയാണ് ഇ-പേയ്മെന്റ് സമ്പ്രദായം (E payment). ഇതനുസരിച്ച് കർഷകർക്കുള്ള ധനസഹായം നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും കർഷകർക്ക് അക്കൗണ്ടിൽ നിന്നും തുക പിൻവലിക്കുകയും ചെയ്യാം. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

കർഷക രജിസ്ട്രേഷൻ പദ്ധതിപ്രകാരം സംസ്ഥാനത്തെ കൃഷിഭവനുകളിൽ രജിസ്റ്റർ ചെയ്ത കർഷകരുടെ ജില്ല തിരിച്ചുള്ള കണക്ക്.

| ക്രമ നം | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 96668 |
| 2 | കൊല്ലം | 108992 |
| 3 | പത്തനംതിട്ട | 62604 |
| 4 | ആലപ്പുഴ | 108059 |
| 5 | കോട്ടയം | 65305 |
| 6 | ഇടുക്കി | 87148 |
| 7 | എറണാകുളം | 65305 |
| 8 | തൃശ്ശൂർ | 159958 |
| 9 | പാലക്കാട് | 124014 |
| 10 | മലപ്പുറം | 113724 |
| 11 | കോഴിക്കോട് | 156074 |
| 12 | വയനാട് | 104700 |
| 13 | കണ്ണൂർ | 135065 |
| 14 | കാസർഗോഡ് | 81425 |
| | **ആകെ** | **1469041** |

സെക്ഷൻ ഓഫീസർ